

# ആമുഖം

**പേ**രും പ്രശസ്തിയും കൊണ്ടു വിലമതിയ്ക്കാനാകാത്ത പൈതൃകം കാഴ്ച വെയ്ക്കുന്ന പുരാതനമായ ഒരു തറവാടാണ് നമ്മളുടെ ശാർക്കര പണിയ്ക്കശ്ശേരി എന്ന കുടുംബം. ഈ സ്മരണ നമ്മൾ ഓരോരുത്തർക്കും അഭിമാനം പകർന്നു തരുന്നതാണ്. എന്നാൽ എന്താണ് നമ്മുടെ തറവാടിന്റെ അസ്തിത്വം, നമ്മളുടെ പൂർവ്വികരെപ്പറ്റിയുള്ള അറിവുകൾ, അവർ ആരായിരുന്നു, കുടുംബത്തിന്റെ ചരിത്രം, ശാർക്കര പണിയ്ക്കശ്ശേരി എന്ന വീട്ടുപേര് എങ്ങനെയുണ്ടായി എന്നിവ ആധികാരികമായി അറിയാനുള്ള എന്റെ അഭിവാഞ്ചയാണ് എന്നെ ഈ പുസ്തക പ്രസിദ്ധീകരണത്തിന് പ്രേരിപ്പിച്ചത്.

നമ്മുടെ തറവാടിന്റെ ചരിത്രം വളരെ വിസ്തരിച്ച "അടിവേരുകൾ തേടി" എന്ന തലക്കെട്ടോടെ ശ്രീമാൻ വേലായുധൻ പണിയ്ക്കശ്ശേരി വിവരിക്കുമ്പോൾ നമ്മൾക്ക് ഓരോരുത്തർക്കും അഭിമാനിക്കാവുന്നതാണ്. അതിന്റെ മുന്നോടിയായി വിവിധ സ്ഥലങ്ങളിൽ താമസിക്കുന്ന നമ്മുടെ വീടുകൾ സന്ദർശിക്കുകയും അവരുമായി ആശയവിനിമയം ചെയ്യാനും ഉള്ള ഒരു സൗഭാഗ്യം ലഭിച്ചു. അങ്ങിനെ അവരിൽ നിന്ന് ലഭിച്ച പല കേട്ടറിവുകളും സത്യങ്ങളും ഇതിന്റെ ആധാരമാണ്. എന്റെ മനസ്സിൽ ഉദിച്ച ചില ആശയങ്ങൾ 2010 - കളരി തോറ്റം ഉത്സവത്തിൽ പങ്കെടുത്തവരുമായി സംസാരിച്ചു. അങ്ങിനെയാണ് പണിയ്ക്കശ്ശേരി തറവാടിന്റെ സമഗ്രമായ ഒരു (1) Website ഉം (2) കുടുംബ ചരിത്രം പുസ്തകമായി പ്രിന്റ് ചെയ്യുവാനും (3) ഒരു ഫാമിലി ട്രീ (വംശവൃക്ഷം) പ്രത്യേക ബ്രാഞ്ചുകളായി തിരിച്ച് കമ്പ്യൂട്ടറിൽ ഉണ്ടാക്കി കലണ്ടർ സൈസിൽ കളർ ആയി പ്രിന്റ് ചെയ്യുവാനും തീരുമാനിച്ചത്. (4) പണിയ്ക്കശ്ശേരി തറവാടിന് ഇതുവരെ Logo ഉണ്ടായിരുന്നില്ല. ഒരു പുതിയ Logo ഉണ്ടാക്കി. ഇനി ഏതു തരത്തിലുള്ള നോട്ടീസ് അടിയ്ക്കുമ്പോഴോ പരസ്യങ്ങൾ ഉണ്ടാക്കുകയോ ചെയ്യുമ്പോൾ ഈ Logo ഉപയോഗിക്കാം.

ശാർക്കര
പണിക്കശ്ശേരി
SARKKARA PANIKKASSERY

*ലോഗോ*

ഈ കാര്യങ്ങൾ കഴിയുന്നതും വേഗത്തിൽ നടപ്പിലാക്കാൻ നമ്മളുടെ തറവാട്ടിലെ ഓരോരുത്തരും അഭിപ്രായപ്പെട്ടു. അതിന്റെ പ്രാരംഭനടപടിയായി 2011- ൽ ഫെബ്രുവരിയിൽ 25 പേരടങ്ങുന്ന ഒരു കമ്മറ്റിയുണ്ടാക്കി കാര്യങ്ങൾ പ്രാവർത്തികമാക്കാനുള്ള തീരുമാനമായി. അതിന്റെ ആരംഭമായി ഏകദേശം 170 വീടുകൾ അടങ്ങുന്ന ഓരോ വീട്ടുകാരുടേയും വിശദവിവരങ്ങൾ ഉൾപ്പെട്ട "തറവാട്ടംഗങ്ങളുടെ വിശദവിവരങ്ങൾ" എന്ന 4 പേജുള്ള ചോദ്യാവലി തയ്യാറാക്കി. ഈ ഫോറം 2011- മാർച്ച് 15-ാം തിയ്യതി (മലയാളമാസം 1186 മീനം 1-ാം തിയ്യതി) കാലത്ത് അന്നത്തെ തന്ത്രി പൂജിക്കുകയും ഔദ്യോഗികമായി ശ്രീമാൻ വേലായുധൻ പണിയ്ക്കശ്ശേരി എനിക്ക് തന്ന് ഉദ്ഘാടനം ചെയ്യുകയും ചെയ്തു. (ഫോട്ടോ - ഫോട്ടോ ഗാലറിയിൽ കാണുക) ഈ ഫോറം എല്ലാ തറവാട്ടംഗങ്ങൾക്കും എത്തിക്കാനുള്ള ആരംഭം കുറിച്ചു. കൂടാതെ ഏങ്ങണ്ടിയൂരിന് പുറത്തുള്ളവർക്ക് പോസ്റ്റൽ ആയും ഇന്റർനെറ്റ് വഴിയും അയച്ചു കൊടുത്തു. അതിനുശേഷം മിക്കവാറും വീട്ടുകാരേയും നേരിട്ട് കണ്ട് വിശദമായി സംസാരിച്ച് ആശയവിനിമയം ചെയ്യാൻ സാധിച്ചു. ഇതുവരെ ഇങ്ങനെയുള്ള ഒരു കാര്യം ഇല്ലാത്തതിനാൽ എല്ലാവരും പ്രത്യേകിച്ച് പുതിയ തലമുറക്കാർ, കഴിയുന്ന വേഗത്തിൽ ഈ പ്രോജക്ടുകൾ നടപ്പിലാക്കാൻ അവരുടെ ആഗ്രഹം പ്രകടിപ്പിച്ചു. പുസ്തകത്തിലും വെബ്സൈറ്റിലും നമ്മളുടെ കുടുംബത്തിന്റെ പൂർവ്വചരിത്രം "വേരുകൾ തേടി" വളരെ വിശദമായി ശ്രീമാൻ വേലായുധൻ പണിയ്ക്കശ്ശേരി തയ്യാറാക്കി. ഈ പൂർവ്വ ചരിത്രം വിവരിക്കുമ്പോൾ പ്രൗഢഗംഭീരമായ ഒരു പൈതൃകത്തിന്റെ നേതൃത്വം വഹിച്ച ഏങ്ങണ്ടിയൂർ മാത്രമല്ല മറിച്ച് ചേറ്റുവാ മുതൽ കൊടുങ്ങല്ലൂർ വരെ ഉൾപ്പെടുന്ന മണപ്പുറത്തിന്റേയും ഈഴവ സമുദായത്തിന്റേയും രാജവംശവും നാടുവാഴികളും സാമൂതിരിയും മറ്റുമടങ്ങുന്ന പല ഉന്നതവ്യക്തികളുടേയും സമുദായങ്ങളുടേയും കൂടി പ്രതിനിധീകരിക്കുന്ന ഒരു ചരിത്രമാണ്. ഈ ചരിത്രം വായിച്ചുതീരുമ്പോൾ നമ്മളുടെ പൂർവ്വികരെപ്പറ്റി നമ്മൾ ഓരോരുത്തരും പുളകഭരിതരായിരിക്കും. ഇതിന്റെ പൈതൃകത്വവും ഗ്രാമവും സമുദായവും മറ്റു പ്രസക്ത സ്ഥലങ്ങളും ഉൾക്കൊള്ളുന്ന ആ പഴയ നാടിന്റെ പ്രൗഢിയും ഉൾക്കൊള്ളാനാണ് ഞാൻ പല പഴയ ഫോട്ടോകളും ചേർത്തത്.



*സാമൂതിരിപ്പാട്*



*തറവാട്ടംഗങ്ങളുടെ വിശദവിവരങ്ങൾ അടങ്ങിയ ഫോറം ഉദ്ഘാടനം*

കുടുംബ ചരിത്രത്തിലും web site - ലും ഓരോ ഫാമിലി മെമ്പേഴ്സിന്റേയും കുടുംബ നാഥന്റേയും (Head of the family) കുടുംബനാഥയുടേയും ഫോട്ടോകളും അവരുടെ വീടിനെപ്പറ്റിയുള്ള വിശദമായ വിവരങ്ങളും ചേർക്കാൻ ശ്രമിച്ചിട്ടുണ്ട്. ഒരു ഫാമിലി മെമ്പർ എന്ന് ഉദ്ദേശിക്കുന്നത് ആ വീട്ടിലെ ഏറ്റവും പ്രായം കൂടിയ ആൾ (Head of the family) അത് അച്ഛനാകാം അല്ലെങ്കിൽ അമ്മയാകാം. മക്കൾ കൂടെ താമസിക്കുന്നുവെങ്കിൽ അവരടക്കമാണ് ഒരു ഫാമിലി എന്ന ആശയം. (മെമ്പേഴ്സിന്റെ കളർ ഫോട്ടോ Website - ൽ കാണുക) www.sarkkarapanikkassery@gmail.com

"അടിവേരുകൾ തേടി"യെന്ന തലക്കെട്ട് അപഗ്രഥനം ചെയ്യുമ്പോൾ സസ്യശാസ്ത്രത്തിൽ ബിരുദമെടുത്ത എനിക്ക് തോന്നുന്നത് നമ്മൾ ഓരോ മെമ്പർമാരും പണിയ്ക്കശ്ശേരി തറവാടെന്ന വംശവൃക്ഷത്തിന്റെ ഓരോ വേരുകൾ ആണ്. എങ്ങനെയാണ് ഒരു വൃക്ഷം അതിന് ആവശ്യമായ വെള്ളവും വളവും തേടി ആ വൃക്ഷത്തിന്റെ നിലനില്പിനായി ചുറ്റും വേരുകൾ ഇറക്കി പോകുന്നുവോ അതുപോലെ നമ്മൾ ഓരോരുത്തരും ഉപജീവനാർത്ഥം കാടും കടലും കടന്നുപോയി സമ്പാദിച്ച് മടങ്ങി വരുന്നു. എങ്ങനെയാണ് ഓരോ വേരുകളും അതിന് കിട്ടിയ വളവും വെള്ളവും അതിന്റെ അടിവേരുകളിൽ എത്തിച്ച് അതിന്റെ തടിയ്ക്കും ഇലയ്ക്കും പൂവിനും കായയ്ക്കും ആവശ്യമായ ഭക്ഷണപദാർത്ഥങ്ങൾ എത്തിക്കുന്നത് പോലെയാണ്. ഈ സത്യമാണ് എന്നേയും 36 വർഷത്തെ പ്രവാസിജീവിതത്തിനുശേഷം നാട്ടിലേക്ക് വരാനും ഈ കുടുംബസംഗമത്തിൽ പങ്കെടുക്കാനും പ്രേരിപ്പിച്ചത്. ഈ വംശവൃക്ഷത്തിൽ ജീവിതത്തിന് മണവും തേനും നല്കി പുഷ്പിച്ച് പ്രസരിക്കുന്ന വിവിധ തരത്തിൽ പ്രഗത്ഭരായ വ്യക്തികൾ ഉണ്ട്. എഴുത്തുകാരും, ശാസ്ത്രജ്ഞരും, ഡോക്ടർമാരും, ടെക്നീഷ്യൻമാരും, ജീവിതത്തിന്റെ മറ്റുതലങ്ങളിൽ പ്രശസ്തരായവരും അടങ്ങിയ വലിയ ഒരു കുടുംബപരമ്പരയാണ് ഈ തറവാടെന്ന് നമുക്ക് അഭിമാനിക്കാം. (ഉന്നതനേട്ടങ്ങൾ കൈവരിച്ച പ്രമുഖവ്യക്തികളുടെ ഫോട്ടോ കാണുക)

ഈ നേട്ടങ്ങളുടെയെല്ലാം ഒരു സംക്ഷിപ്തരൂപം വരുംതലമുറകൾക്ക് ഉപകാരപ്രദമായിരിക്കും എന്നുള്ളതിന് ഒരു സംശയവും വേണ്ട. (അടിവേരുകൾ തേടി എന്ന കുടുംബചരിത്രവും വായിക്കുക)

ഇപ്പോൾ 170 - മെമ്പർമാർ (കുടുംബാംഗങ്ങൾ ഓരോ വീട്ടിലും 4 - ഉം അതിൽ കൂടുതലും കുടുംബാംഗങ്ങൾ ഉണ്ടായിരിക്കും) ഉള്ള ഒരു തറവാടാണ് പണിയ്ക്കശ്ശേരി. എന്നാൽ പണിയ്ക്കശ്ശേരിയിൽ നിന്ന് വിവാഹം കഴിച്ചു കൊടുത്തിട്ട് മറ്റു വീടുകളിൽ താമസിക്കുന്ന നമ്മളുടെ രക്തത്തിൽ പിറന്ന ആയിരക്കണക്കിന് ആൾക്കാർ ഉണ്ട്. വരുംകാലങ്ങളിൽ ഇവരെയെല്ലാം പങ്കെടുപ്പിച്ചുകൊണ്ട് നമ്മളുടെ പരിപാടികൾ വിപുലമാക്കാം. അതിനാലാണ് മക്കളുടേയും, പേരക്കുട്ടികളുടേയും ഫോൺ നമ്പർ, ഇ-മെയിൽ അഡ്രസ് എന്നിവ കുടുംബ ഫോറത്തിൽ ചോദിച്ചത്. കൂടാതെ നമ്മളുടെ കുടുംബചരിത്രം അറിയുവാൻ ഉത്സാഹഭരിതരായ വളരെയധികം ചെറുപ്പക്കാരികളേയും എനിയ്ക്ക് കാണാൻ കഴിഞ്ഞു (പണിക്കശ്ശേരിയിൽ നിന്നും കല്യാണം കഴിച്ചുകൊടുത്തവർ). പണിയ്ക്കശ്ശേരി തറവാടിന്റെ ഇപ്പോഴത്തെ ചരിത്രം നോക്കുമ്പോൾ നമ്മൾക്ക് കളരിക്ഷേത്രം എന്ന മുഖ്യമായ ഒരു അമ്പലം ഉണ്ട്. തൃശൂർ ടൗണിൽ നിന്ന് 20 കിലോമീറ്റർ പടിഞ്ഞാറോട്ട് വന്ന് വാടാനപ്പിള്ളി സെന്ററിൽ നിന്ന് 4 കിലോ മീറ്റർ വടക്കോട്ട് പോയാൽ ഏത്തായി സെന്ററിൽ എത്താം. ഏത്തായിയിൽ നിന്ന് കഷ്ടിച്ച് ഒരു കിലോമീറ്റർ കിഴക്കോട്ട് പോയാൽ കനോലികനാലിന് വളരെയടുത്താണ് ഈ ക്ഷേത്രം സ്ഥിതി ചെയ്യുന്നത്. അല്ലെങ്കിൽ ഏത്തായിൽ ഇറങ്ങുന്നതിനു പകരം അഞ്ചാംകല്ല് സെന്ററിൽ ഇറങ്ങി നേരെ കിഴക്കോട്ട് പോയി പുളിഞ്ചോട്ടിൽ നിന്ന് പുളിക്കടവിലേക്കുള്ള റോഡിൽ കൂടി പോവുക.

പനയംകുളങ്ങര അമ്പലത്തിന്റെ അടുത്ത വളവിൽ നിന്ന് തെക്കോട്ട് പോകുന്നവഴിയിൽ കൂടി നടന്ന് ബി എൽ എസ് റോഡ് വഴിയും അവിടെ എത്താം. ഗുരുവായൂരിൽ നിന്ന് ചേറ്റുവ കൊടുങ്ങല്ലൂർ റൂട്ട് വഴി ഏകദേശം 8കിലോമീറ്റർ തെക്കോട്ട് പോയാലും 5-ാം കല്ല് സെന്ററിൽ എത്താം. കൂടാതെ കൊടുങ്ങല്ലൂർ വഴി തൃപ്രയാർ സെന്ററിൽ നിന്നും 8 കിലോമീറ്റർ വടക്കോട്ടു പോയാലും ഏത്തായിൽ എത്താം. ഇപ്പോഴത്തെ അമ്പലത്തിന് പണിയ്ക്കശ്ശേരി കളരി ക്ഷേത്രത്തിന് വളരെ പഴക്കമുണ്ടെന്നാണ് പറയപ്പെടുന്നത്. പത്തമ്പത് വർഷങ്ങൾക്ക് മുമ്പ് വരെ ഇവിടെ കളരി പയറ്റ് പഠിപ്പി ച്ചിരുന്നു.

അഷ്ടമംഗല്യ പ്രശ്നംവച്ച് അമ്പലത്തിന്റെ പുനരുദ്ധാരണം ചെയ്ത് പുന:പ്രതിഷ്ഠ ചെയ്തത് 2007-ൽ ആണ്. കളരിയുടെ പുനരുദ്ധാരണത്തിന് മുൻകൈ എടുത്ത് പ്രവർത്തിച്ചവരിൽ നമ്മെ വിട്ടുപിരിഞ്ഞ ശ്രീമാൻ മനോഹരൻ, സുകുമാരൻ, ഹരി, മദനൻ, ബാലൻ എന്നിവരുടെ പങ്കുകൾ ശ്ലാഹനീയമാണ്. ഇപ്പോൾ എല്ലാ വർഷവും ജനുവരി (ക്ഷേത്രത്തിന്റെ പുനരുദ്ധാരണത്തിന് വേണ്ടി പ്രവർത്തിച്ച് മൺമറഞ്ഞവരുടെ പേരുകളും ഫോട്ടോകളും കാണുക) മാസത്തിലെ (മലയാള മാസമായ മകരത്തിലെ



*പുളിക്കകടവ്*



*പണിയ്ക്കശ്ശേരി കളരിക്ഷേത്രം*

തിരുവോണം, അവിട്ടം നാളുകളിൽ) തോറ്റവും കളങ്ങളുമായി എല്ലാവരേയും പങ്കെടുപ്പിച്ചുകൊണ്ട് ഗംഭീരമായി നടത്തിവരുന്നു. ഇതിൽ ഓരോ മെമ്പർമാരും അവരുടെ കഴിവിനനുസരിച്ചുള്ള സാമ്പത്തിക സഹായം നൽകുന്നുണ്ട്. കൂടാതെ അമ്പലത്തിന്റെ മറ്റാവശ്യങ്ങൾക്കായി ചില അംഗങ്ങൾ സ്പോൺസർ ചെയ്തിട്ടുണ്ട്. ഈ അമ്പലത്തിലെ പ്രധാനമൂർത്തികൾ ദേവി, മുത്തപ്പൻ, വീരഭദ്രൻ, വിഷ്ണുമായ, നാഗരാജാവ്, നാഗയക്ഷി, മറ്റു ഉപദേവന്മാരുമുണ്ട്.

തറവാടിന്റെ പ്രധാന അമ്പലമായ കളരിക്ഷേത്രം കൂടാതെ അതിന്റെ വടക്കു വശത്തായി ദേവിയുടെ അമ്പലവും കുറച്ച് വടക്ക് പടിഞ്ഞാറ് ഭാഗത്തായി മുത്തപ്പന്റേയും പറക്കുട്ടിയുടേയും അമ്പലവും സ്ഥിതി ചെയ്യുന്നു. ചെറുപ്പം മുതൽ മുത്തപ്പന്റേയും പറക്കുട്ടിയുടേയും വീരസാഹസിക കഥകൾ കേട്ടുകൊണ്ടാണ് ഞാൻ വളർന്നത്. താന്ത്രിക മാന്ത്രികവിദ്യകളിൽ നൈപുണ്യം നേടിയ ഇറ്റാമൻ എന്ന അച്ഛാച്ഛൻ നാട്ടിൽ വളരെ പ്രസിദ്ധനായിരുന്നു. ചുട്ട കോഴിയെ പറപ്പിക്കുന്ന ആളാണെന്ന് പറഞ്ഞു കേട്ടിട്ടുണ്ട്. നാല്പതോ അമ്പതോ വർഷ ങ്ങൾക്കു മുമ്പ് ഇവിടെ മുത്തപ്പനും പറക്കുട്ടിയ്ക്കും കലശത്തിന് തുള്ളുമ്പോൾ കോഴിയെ അറുത്ത് ചോരകുടിക്കുന്ന സമ്പ്രദായം ഉണ്ടായിരുന്നു.



*തൃശ്ശൂർ വടക്കുംനാഥ ക്ഷേത്രം*



*കൊടുങ്ങല്ലൂർ ക്ഷേത്രം*



*തൃപ്രയാർ ക്ഷേത്രം*



*ഗുരുവായൂർ ശ്രീകൃഷ്ണക്ഷേത്രം*

കാലക്രമേണ അതില്ലാതായി. മുത്തപ്പന് വഴിപാടായി ചാരായവും കോഴിയും ചെറിയ പത്തിരിയും കൊടുത്ത് അവരവരുടെ ആഗ്രഹസാഫല്യങ്ങൾക്കായി പ്രാർത്ഥിക്കുകയും കലശം കഴിപ്പിക്കുകയും ചെയ്യുന്ന ചുറ്റുപ്പാടുള്ള വളരെയധികം ആൾക്കാർ ഉണ്ടായിരുന്നു. ഇറ്റാമന്റെ മക്കളായ രാമനും കൃഷ്ണക്കു ട്ടിയുമാണ് (രണ്ടു പേരും മരിച്ചു) ഇവിടത്തെ രണ്ടു തറവാട്ടുകാർ. കളവോ മറ്റു വല്ല സാധനങ്ങൾ കാണാതായാലോ ചെയ്താൽ ചുറ്റുപാടുള്ളവർ മുത്തപ്പനേയും പറക്കുട്ടിയേയും പ്രാർത്ഥിക്കുകയും അവരുടെ കാര്യങ്ങൾ ശരിയാക്കി



*പണിയ്ക്കശ്ശേരി ദേവി ക്ഷേത്രം*



*പണിയ്ക്കശ്ശേരി മുത്തപ്പൻ ക്ഷേത്രം*

കൊടുക്കുമെന്നുള്ളതാണ് വിശ്വാസം. ഡച്ചുക്കാരുടെ കാലത്ത് ചേറ്റുവായിൽ (1716) കോട്ട കെട്ടിയപ്പോൾ പ്രസിദ്ധനായ കപ്പിത്താൻ ആയിരുന്നത് ഇട്ടിക്കണ്ണൻ എന്ന മുത്തച്ഛൻ നമ്മുടെ പൂർവ്വികനായിരുന്നു. പണ്ട് ഏങ്ങണ്ടിയൂർ അംശവും കുണ്ടലിയൂർ ദേശവുമായുള്ള ഈ വില്ലേജ് തെക്കേ മലയാളം ഡിസ്ട്രിക്ടിൽ പൊന്നാനി താലൂക്കിൽ സബ്രജിസ്ട്രാർ വാടാനപ്പിള്ളിയിൽ ഉൾപ്പെട്ടതായിട്ടാണ് പഴയ രേഖകളിൽ കാണുന്നത്. പ്രധാനമായി നമ്മളുടെ വീട്ടുകാർ ഏങ്ങണ്ടിയൂരിലും, കുണ്ടലിയൂരിലും വ്യാപിച്ചു കിടക്കുന്നു. കൂടാതെ ഏങ്ങണ്ടിയൂർ കടപ്രം, തൃത്തല്ലൂർ വെസ്റ്റ്, കടപ്രം വില്ലേജ്, മുത്തൻമാവിലെ (ചാവക്കാട്) മാട്, ചാവക്കാടു നിന്ന് കിഴക്കായി കിടക്കുന്ന കാവീട്, കരുവൂർ, പെരുവല്ലൂർ, മുല്ലശ്ശേരി, കൂർക്കഞ്ചേരി, കോഴിക്കോട്, കാട്ടൂർ, (തേക്കുംമൂല), തൃശ്ശൂർ എന്നീ സ്ഥലങ്ങളിലും താമസിക്കുന്നു. ജോലി അല്ലെങ്കിൽ ബിസിനസ് പരമായി കോയമ്പത്തൂർ, ബാംഗ്ലൂർ, ബോംബെ എന്നീ നഗരങ്ങളിലും താമസിക്കുന്നുണ്ട്. ഗൾഫ് നാടുകളിലും യു.എസ്.എ യിലും മറ്റുമായി നമ്മുടെ ധാരാളം ആൾക്കാർ ജീവിക്കുന്നുണ്ട്. പണ്ടൊക്കെ നമ്മളുടെ വീട്ടുകാരിൽ പലരും സിലോണിൽ ബിസിനസ്സും മറ്റു ജോലികളുമായി താമസമുണ്ടായിരുന്നു. കുറെ ആൾക്കാർ സിലോണിൽ നിന്ന് കല്യാണം കഴിച്ച് അവിടെ ജീവിക്കുകയും പിന്നീട് ഭാര്യയും മക്കളുമടക്കം നാട്ടിലേക്ക് തിരിച്ചു വരികയും ചെയ്തു. അങ്ങനെ 50 ഉം 100 ഉം വർഷങ്ങൾക്കു മുമ്പ് ഇവിടെ നിലവിലുണ്ടായിരുന്ന ബഹുഭർതൃത്ത്വവും ബഹുഭാര്യാത്ത്വവും നമ്മളുടെ കുടുംബങ്ങളിലും ഉണ്ടായിരുന്നതായി മനസ്സിലാക്കാൻ കഴിഞ്ഞു. ഇപ്പോൾ എല്ലാം ന്യൂക്ലിയർ ഫാമിലിയായി പരിണാമപ്പെട്ടു.

പണ്ടൊക്കെ പണിയ്ക്കശ്ശേരിയിലെ ചില ബ്രാഞ്ചുകളിൽ പെട്ടവരെ അവർ താമസിക്കുന്ന പറമ്പിന്റെ പേരനുസരിച്ചു വിളിക്കപ്പെട്ടിരുന്നു. തറേലയില് പറമ്പെന്നാൽ (കുട്ടിരാമൻ, കൃഷ്ണക്കുട്ടി) ഞങ്ങളുടെ തറവാട്; കുട്ടോത്തു പറമ്പ് (പണ്ട് മനയായിരുന്നു) പ്രേമചന്ദ്രന്റെ വീട് (ഇപ്പോഴത്തെ ദേവിയുടെ അമ്പലം സ്ഥിതി ചെയ്യുന്നത്); അണ്ടിക്കോട്ടയിലെ പറമ്പ് ചന്തയുണ്ടായിരുന്ന ശങ്കരൻ എന്നവരുടെ വീട്; നെല്ലിപ്പറമ്പിൽ വീട് (ശ്രീ നാരായണ സ്ക്കൂളിന്റെ മാനേജർ ആയ ശ്രീമാൻ സിദ്ധാർഥന്റെ വീട്; പുത്തംപൊര ചന്ദ്രശേഖരൻ അവർകളുടെ വീട് (ഇപ്പോൾ ഹരി താമസിക്കുന്ന തറവാട്) നാട്ടയിൽ വീട് മീനാക്ഷി ടീച്ചറുടെ വീട്. കൂടാതെ കൊടുങ്ങല്ലൂരിലുള്ള പണിക്കശ്ശേരി തറവാട്ടുക്കാരെ വള്ളോംപറമ്പത്ത് പണിക്കശ്ശേരി എന്നും, തളിക്കുളത്ത് ചേർക്കര തണ്ടയാൻ പണിയ്ക്കശ്ശേരി എന്നും തയ്യൽ പണിക്കശ്ശേരി, മുല്ലശ്ശേരിയിൽ പണിക്കശ്ശേരിയും ഉണ്ട്. കൂടാതെ പല കൃസ്ത്യൻ



*ഡച്ച് കോട്ട - ചേറ്റുവ*



*ഡച്ച് കോട്ട ഗുഹയുടെ പ്രവേശനകവാടം*



*മുല്ലശ്ശേരി പണിയ്ക്കശ്ശേരി ക്ഷേത്രം*



*വള്ളോംപറമ്പത്ത് പണിയ്ക്കശ്ശേരി ക്ഷേത്രം*

കുടുംബങ്ങളും, മുസ്ലീം കുടുംബങ്ങളും പണിയ്ക്കശ്ശേരി എന്ന പേരിൽ അറിയപ്പെടുന്നുണ്ട്. അതിന്റെ കൂടുതൽ വിവരങ്ങൾ അറിയാൻ പഠിക്കേണ്ടിയിരിക്കുന്നു ഈ എല്ലാ പണിയ്ക്കശ്ശേരിക്കാരേയും പങ്കെടുപ്പിച്ചു കൊണ്ട് വിശദമായ ഒരു പഠനം നടത്തേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. കാലക്രമേണ ഈ സംരംഭം നടക്കുമെന്ന് പ്രതീക്ഷിക്കാം.

ഈ പുസ്തകം ഇനി വരാൻ പോകുന്ന പണിയ്ക്കശ്ശേരിയിലെ വരുംതലമുറക്ക് വലിയൊരു മുതൽകൂട്ടായിരിക്കുമെന്നതിന് ഒരു സംശയവും വേണ്ട. ഇന്നത്തെ അനുഭവം നാളത്തെ ചരിത്രമാണ്. ഇപ്പോഴത്തെ ഈ ചരിത്രം ഒരു അടിത്തറയാണ്. ഈ അടിത്തറയിൽ എത്രയോ വലിയ നിലകളുള്ള (50, 100-ഓ നിലകളുള്ള) ഒരു ബിൽഡിങ്ങായി മാറ്റാൻ നമ്മുടെ വരും തലമുറയ്ക്ക് സാധിക്കട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

നമ്മുടെ ഫാമിലി ട്രീ ഉണ്ടാക്കാൻ വേണ്ട ഉപദേശങ്ങൾ ചെയ്തുതന്ന കണ്ണൂർ യൂണി വേഴ്സിറ്റിയിലെ നരവംശ ഡിപ്പാർട്ട്മെന്റിന്റെ (ആന്ത്രപോളജി) തലവനായ മി. ഗ്രിഗാരിക്കും, ഫാമിലി ട്രീയിലെ ശ്രീമദ്ഭഗവദ് ഗീതയിലെ ശ്ലോകം തെരഞ്ഞെടുക്കാൻ സഹായിച്ച സ്വാമി സന്ദീപചൈതന്യഗിരി അവർകൾക്കും കൂടാതെ ഈ പ്രൊജക്ടുകൾക്ക് വേണ്ടി ആദ്യമായി

സാമ്പത്തിക സഹായങ്ങൾ ചെയ്തുതന്ന ശ്രീമാൻ ജയപ്രകാശ് പണിയ്ക്കശ്ശേരി, സവ്യസാചി, ഹരിലാൽ, ബാലരാമൻ, രാജൻ, ശശി, ബിജു, രവീന്ദ്രൻ, കാർത്തികേയൻ, ശ്രീനിവാസൻ, സുനിൽ കുമാർ, രവീന്ദ്രനാഥൻ, സന്തോഷ്, സുധീർ ബാബു, സോമസുന്ദരൻ, രവീന്ദ്രനാഥ് ജവഹരിലാൽ, ജയശ്രീ മദനമോഹൻ, ജുബീഷിൽകുമാർ, സുബ്രഹ്മണ്യൻ, ശ്യാമപ്രസാദ്, ഭുവന മോഹൻദാസ് മറ്റുള്ളവർക്കും കൂടാതെ മറ്റു തരത്തിലുള്ള സഹായങ്ങൾ ചെയ്തുതന്ന എല്ലാവർക്കും, അതിലുമുപരി പണിയ്ക്കശ്ശേരി തറവാട്ടിലെ ഓരോ അംഗങ്ങൾക്കും എന്റെ ഹൃദയാംഗമമായ നന്ദി രേഖപ്പെടുത്തുന്നു. ചങ്ങരംകുമരത്ത് തറവാട്ടിലെ ശ്രീമാൻ ഉണ്ണിപ്പാറൻ അവർകൾക്ക് പ്രത്യേകം നന്ദി. (ചങ്ങരംകുമരത്ത് അച്ഛന്റെ (പാറൻ) ഏക സഹോദരി ദേവകിയെ നമ്മുടെ തറവാട്ടിലെ കുട്ടപ്പൻ എന്ന ഒരു മുത്തച്ഛനാണ് വിവാഹം കഴിച്ചിരുന്നതെന്നും അത് ഏകദേശം 1500-ാം മാണ്ടിൽ ആയിരുന്നുവെന്നുമാണ് അവർ പറയുന്നത്).ഇതിലേക്ക് പരസ്യങ്ങൾ നല്കിയ ഓരോരുത്തർക്കും പ്രത്യേകമായി നന്ദി.



*സന്ദീപചൈതന്യഗിരി*

"അടിവേരുകൾ തേടി" എന്ന കുടുംബചരിത്രം വളരെ വിശദമായി നമ്മൾക്ക് കാഴ്ചവെച്ച പ്രസിദ്ധചരിത്രഗവേഷകനും, ചരിത്രം, ജീവചരിത്രം, തൂലികചിത്രം, ബാലസാഹിത്യം, ഫോക്ക് ലോർ, എന്നീ വിഭാഗങ്ങളിലായി 45 ലേറെ പുസ്തകങ്ങൾ പ്രസിദ്ധീകരിച്ച നമ്മുടെ തറവാടിന്റെ അഭിമാനമായ ശ്രീമാൻ. വേലായുധൻ പണിയ്ക്കശ്ശേരിയുടെ ഈ ചരിത്രമില്ലാതെ ഈ പുസ്തകം അപൂർണ്ണമായിരിക്കും. അദ്ദേഹത്തിന് നമ്മൾ ഓരോരുത്തരുടേയും പ്രണാമം. ഫോട്ടോ സംബന്ധമായ എല്ലാ ആവശ്യങ്ങൾക്കുംവേണ്ട സഹായം ചെയ്തുതന്ന ശ്രീമാൻ പ്രസാദിന്റെ (നാഷണൽ സ്റ്റുഡിയോ, വാടാനപ്പിള്ളി) പ്രത്യേക സേവനം പ്രശംസനീയമാണ്. എന്റെ ഈ യജ്ഞത്തിൽ കരുത്തും ആത്മധൈര്യവും പകർന്നുതന്ന എന്റെ സഹധർമ്മിണി ത്സാൻസി, മകൻ മനോജ്, മകൾ ജ്യോതി മരുമകൻ വിപിൻ ദിവാകർ, മരുമകൾ ശരണ്യ എന്നിവരോടുള്ള നിസീമമായ കടപ്പാട് ഞാൻ മറക്കുന്നില്ല.

കൂടാതെ നമ്മൾക്ക് ലഭിക്കുന്ന ഫണ്ടിന്റെ ലഭ്യതയനുസരിച്ച് മറ്റു ചില കാര്യങ്ങൾ കൂടി ചെയ്യാൻ ഉദ്ദേശിക്കുന്നു. a) 5-ാം കല്ലിലോ/ ഏത്തായിസെന്റർ മെയിൻറോഡിലോ അമ്പലത്തിന്റെ ഫോട്ടോ വെച്ച് ഒരു ബോർഡും അതിന്റെ തുടർച്ചയായി ലൊക്കേഷൻ ബോർഡും സ്ഥാപിക്കുക. b)ആദ്ധ്യാത്മികപുസ്തകങ്ങളുടെ ഒരു ലൈബ്രറി ശേഖരം. c) പേരും ടെലിഫോൺ / ഇ-മെയിൽ അഡ്രസ്സ് അടങ്ങുന്ന ഒരു ടെലിഫോൺ ഡയറക്ടറി. d) മെമ്പേഴ്സിന്റെ ഒരു കലാസാംസ്കാരിക മാഗസിൻ. e) 80 വയസ്സ് കഴിഞ്ഞവരെ പൊന്നാട നല്കി ആദരിക്കൽ (ഇത് ഇതിനകം പ്രാവർത്തികമാക്കിയിട്ടുണ്ട്) f) വെബ്സൈറ്റ് വഴി മാരേജ് ബ്യൂറോ. g) കുടുംബസഹായസമിതി: പണിയ്ക്കശ്ശേരി തറവാട്ടിലെ നിർദ്ദനരായ വിദ്യാർത്ഥികൾ, അവിവാഹിതകൾ, എന്നിവർക്ക് സഹായം ചെയ്യുവാനുള്ള ആലോചനയും നടക്കുന്നുണ്ട്. h) പണിയ്ക്കശ്ശേരിയിലെ കുടുംബാംഗങ്ങളെ പങ്കെടുപ്പിച്ചു കൊണ്ടുള്ള ആത്മീയ യാത്രകളും, വിനോദയാത്രകളും സംഘടിപ്പിക്കുന്നത് കുടുംബാംഗങ്ങൾ തമ്മിലുള്ള ഐക്യത്തിന് വഴിയൊരുക്കും.

ശാസ്ത്ര സാങ്കേതിക വിദ്യകളിൽ മുന്നേറ്റം നടന്നുകൊണ്ടിരിക്കുന്ന ഇന്നത്തെ യുഗത്തിൽ, വരുംവർഷങ്ങളിൽ ഇന്റർനെറ്റ് സംവിധാനം ഉപയോഗിച്ചുകൊണ്ട് നമ്മളുടെ വാർഷിക പരിപാടികൾ ലൈവായി തന്നെ പ്രക്ഷേപണം ചെയ്യണമെന്ന് പ്രത്യാശിക്കുന്നു. അപ്പോൾ ലോകത്തിന്റെ ഏതു കോണിൽ നിന്ന് കൊണ്ട് നമ്മളുടെ വാർഷിക പരിപാടികൾ കാണാനുള്ള ഭാഗ്യം നമ്മളുടെ തറവാട്ടിലെ മക്കൾക്ക് ലഭിക്കട്ടെ. പണിയ്ക്കശ്ശേരി തറവാടിനെകുറിച്ചുള്ള ഒരു ഡോക്യുമെന്ററിയും വരുംനാളുകളിൽ ഉണ്ടാവുമെന്നത് വിദൂരമല്ല.

ഇതിൽ കൊടുത്തിരിക്കുന്ന മെമ്പേഴ്സിന്റെ വിശദവിവരങ്ങൾ അവരവർ തന്നിരിക്കുന്നതനുസരിച്ച് സംക്ഷിപ്തമായി കഴിവതും ശരിയാക്കാൻ ശ്രമിച്ചിട്ടുണ്ട്. ഇതിലെ പോരായ്മകളോ മറ്റു വിശദവിവരങ്ങൾ കൂട്ടി ചേർക്കാനോ ചൂണ്ടികാണിച്ചാൽ അടുത്ത പതിപ്പിൽ തിരുത്താനാവുതാണ്. ഈ പുസ്തകം കാലഹരണപെട്ട പേരുകൾ അറിയാത്ത നമ്മളുടെ മുൻതലമുറക്കാർക്കും ഭാവിയിലെ വരും തലമുറക്കാർക്കുമായി സമർപ്പിക്കുന്നു.

സസ്നേഹം,

**മോഹൻ പണിയ്ക്കശ്ശേരി**

S/o പി. ഐ. കൃഷ്ണക്കുട്ടി, തൃശ്ശൂർ. ശാർക്കര പണിയ്ക്കശ്ശേരി കുടുംബട്രസ്റ്റ്